(ബി) ഏതു് ഏജൻസി മുഖേനയാണു് ഈ തുക ചെലവാക്കിയതു്;

(സി) ഈ തുക ശരിയായി വിനിയോഗിച്ചിട്ടുണ്ടോ എന്നു് ഗവണ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഈ തുക ദുർവ്വിനിയോഗം ചെയ്തതായി എന്തെങ്കിലും പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ സംസ്ഥാനത്തു് 1955–ൽ കൈത്തറിവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു് 4,959 രൂപ ചെലവാക്കി.

(ബി) ശ്രീമൂലം സെൻട്രൽ സൊസൈറ്റി, കൊച്ചിൻ ട്രേഡു് ഇൻഡസ്ട്രീസു്, മാക്കറ്റിംഗു് സൊസൈറ്റി, സഹകരണ താലൂക്കു് യൂണിയനുകൾ, താലൂക്കു് സഹകരണബാങ്കുകൾ, കൈത്തറിവ്യവസായ സഹകരണസംഘങ്ങൾ, ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ എന്നീ ഏജൻസികൾ മുഖേനയാണു് ഈ തുക ചെലവാക്കിയതു്.

(സി) ഉണ്ടു്.

(ഡി) ഇല്ല.

കയർതൊഴിലാളികളുടെ തൊഴിലില്ലായ്മ.

*366. [67] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഇടയിൽ ഉണ്ടായിട്ടുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ എന്തെങ്കിലും റിലീഫ് സ്കീം ഈ കൊല്ലം നടത്തുവാൻ ആലോചിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ കൊല്ലം പ്രത്യേകമായി യാതൊരു റിലീഫ് സ്കീമും നടത്തുവാൻ ഉദ്ദേശിക്കുന്നില്ല. കയർവ്യവസായത്തിലേർപ്പെട്ടിട്ടു തൊഴിലാളികളുടെ തൊഴിലില്ലായ്മ ശാശ്വതമായി പരിഹരിക്കുവാൻ ഒരു കയർവികസനപദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടു്. ഈ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാകുമ്പോൾ തൊഴിലില്ലായ്മ നിശ്ശേഷം മാറുമെന്നാണു് കരുതുന്നതു്.

Pay of Language Teachers.

*367. [69] SHRI K. A. SIVARAMA BHARATHI: Will the Minister for Education be pleased to state:

(*a*) why the pay of language teachers who were in service before integration and who are working in Cochin schools which have acceded to the P. S. S. Scheme has not so far been fixed; and

(*b*) will early steps be taken to see that the grievances of these teachers are immediately redressed.

Chief Minister (SHRI PANAMPILLI GOVINDA MENON): (*a* & *b*) The salary of almost all the language teachers has

LIBRARY ARCHIVES Kerala Legislative Assembly